**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4301** **18-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിൽ വൈദ്യുതി മേഖലയിലെ സാധനസാമഗ്രികളുടെ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ പൊതുജനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട സാധനസാമഗ്രികളുടെ ക്ഷാമം വൈദ്യുതി വകുപ്പിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രീകൃതമായി, KSEBL ലെ ചീഫ് എഞ്ചിനീയർ (എസ്.സി.എം) ന്റെ ഓഫീസിൽ നിന്നും വാങ്ങി നൽകി വരുന്ന സാധന സാമഗ്രികളിൽ ഉൾപ്പെട്ട എനർജി മീറ്ററുകളുടെയും ഇലക്ട്രിക് പോസ്റ്റുകളുടെയും ക്ഷാമം ചില സെക്ഷനുകളിൽ അനുഭവപ്പെടുന്നുണ്ട്. |
| (ബി) | പ്രസ്തുത സാധനസാമഗ്രികളുടെ ക്ഷാമം പരിഹരിയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എനർജി മീറ്ററുകൾ, 8 m പോസ്റ്റുകൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് പോസ്റ്റ് വാങ്ങുന്നതിനു അനുവാദം നൽകിക്കൊണ്ടും അടിയന്തിരമായി ട്യൂബുലാർ പോസ്റ്റുകൾ വാങ്ങിയും പുതുതായി 8 m പോസ്റ്റുകൾക്ക് ഓർഡർ നൽകിയും പോസ്റ്റുകളുടെ കുറവ് നികത്താൻ ശ്രമിക്കുന്നു. |
| (സി) | വൈദ്യുതി പോസ്റ്റ് ഇല്ലാത്തതിനാൽ കണക്ഷൻ യഥാസമയം നൽകാൻ പറ്റുന്നില്ലെന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിരുന്നു. കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ ഉണ്ടായ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് പോസ്റ്റ് വാങ്ങുന്നതിനു അനുവാദം നൽകിക്കൊണ്ടും അടിയന്തിരമായി ട്യൂബുലാർ പോസ്റ്റുകൾ വാങ്ങിയും പുതുതായി 8 m പോസ്റ്റുകൾക്ക് ഓർഡർ നൽകിയും പോസ്റ്റുകളുടെ കുറവ് നികത്താൻ ശ്രമിക്കുന്നു. |

സെക്ഷൻ ഓഫീസർ